കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

വിജ്ഞാപനം

ജി. ഒ.(എം.എസ്) നമ്പർ: 66/2013/തൊഴിൽ തിരുവനന്തപുരം, 2013 ജൂൺ 1.

എസ്. ആർ. ഒ. നമ്പർ /2013 - 1948 ലെ മിനിമം വേജസ് ആക്റ്റിലെ (1948ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1) -ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്ന പ്രകാരം 2011 ആഗസ്റ്റ് 23-ാം തീയതിയിലെ 1621-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011 ആഗസ്റ്റ് 18-ാം തീയതിയിലെ 2766/ഇ1/2011/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചതിന് ശേഷം, കേരള സർക്കാർ, സംസ്ഥാനത്തെ മദ്യ ഉൽപ്പാദന വ്യവസായത്തിൽ (മദ്യ ഉൽപ്പാദനവും സ്പിരിറ്റുവാറ്റലും ശുദ്ധീകരിക്കലും ഉൾപ്പെടെ) ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

പട്ടിക

1. അടിസ്ഥാന വേതന നിരക്ക്

| ക്രമ നമ്പർ | വിഭാഗം / തസ്തിക | പ്രതിമാസ അടിസ്ഥാന വേതനം രൂപ |
|---|---|---|
| (1) | (2) | (3) |
| | ഗ്രൂപ്പ് - 1 | |
| 1. | മാനേജർ | 9813 |
| | ഗ്രൂപ്പ് - 2 | |
| 1. | ക്വാളിറ്റി കൺട്രോളർ | 8525 |
| 2. | കെമിസ്റ്റ് | |
| 3. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | |
| 4. | അസിസ്റ്റന്റ് മാനേജർ | |
| | ഗ്രൂപ്പ് - 3 | |
| 1. | സൂപ്പർവൈസർ | 7750 |
| 2. | യൂണിറ്റ് ഹെഡ് | |
| 3. | സ്റ്റോർ ഓഫീസർ | |

ഗ്രൂപ്പ് - 4

| | | |
|---|---|---|
| 1. | പ്ലാന്റ് ഓപ്പറേറ്റർ | 7044 |
| 2. | മെഷീൻ ഓപ്പറേറ്റർ | |
| 3. | ബോയ്ലർ ഓപ്പറേറ്റർ | |
| 4. | കംപ്രസ്സർ ഓപ്പറേറ്റർ | |
| 5. | കോൾഡ് റൂം ഓപ്പറേറ്റർ | |
| 6. | മെക്കാനിക് | |
| 7. | ഇലക്ട്രീഷ്യൻ | |
| 8. | ഫിറ്റർ | |
| 9. | അക്കൗണ്ടന്റ് | |
| 10. | സ്റ്റെനോഗ്രാഫർ | |

ഗ്രൂപ്പ് - 5

| | | |
|---|---|---|
| 1. | അക്കൗണ്ടന്റ് അസിസ്റ്റന്റ് | 6550 |
| 2. | കാഷ്യർ | |
| 3. | ക്ലാർക്ക് | |
| 4. | കമ്പ്യൂട്ടർ ഓപ്പറേറ്റർ | |
| 5. | ടെലിഫോൺ ഓപ്പറേറ്റർ | |
| 6. | ഡി.റ്റി.പി.ഓപ്പറേറ്റർ | |
| 7. | റിസപ്ഷനിസ്റ്റ് | |
| 8. | സ്റ്റോർ കീപ്പർ | |
| 9. | സ്റ്റോർ അസിസ്റ്റന്റ് | |
| 10. | റിക്കാർഡ് കീപ്പർ | |
| 11. | റിക്കാർഡ് അസിസ്റ്റന്റ് | |
| 12. | ടൈപ്പിസ്റ്റ് | |
| 13. | ഡ്രൈവർ | |
| 14. | ലൈൻ ഇൻസ്പെക്ടർ | |

ഗ്രൂപ്പ് 6

ജനറൽ വർക്കേഴ്സ്/ഹെൽപ്പേഴ്സ് (പ്ലാന്റ് സെക്ഷൻ, ബ്ലന്റിംഗ് സെക്ഷൻ, മിക്സിംഗ് സെക്ഷൻ, ബ്രൂവറീസ് സെക്ഷൻ, ബോട്ട്ലിംഗ് സെക്ഷൻ, ബോട്ടിൽ ക്ലീനിംഗ് സെക്ഷൻ, ഫില്ലിംഗ് സെക്ഷൻ, സീലിംഗ് സെക്ഷൻ, ലേബലിംഗ് സെക്ഷൻ, പാക്കിംഗ് സെക്ഷൻ, സ്റ്റോർ സെക്ഷൻ, ഡസ്പാച്ച് സെക്ഷൻ, ലോഡിംഗ് ആന്റ് അൺലോഡിംഗ് സെക്ഷൻ, കാന്റീൻ)

| | |
|---|---|
| (എ) ഗ്രേഡ് - 1 | 6238 |
| (ബി) ഗ്രേഡ് - 2 | 5938 |
| (സി) ഗ്രേഡ് - 3 | 5644 |

ഗ്രൂപ്പ് 7

1. അറ്റന്റർ
2. പ്യൂൺ
3. വാച്ച്മാൻ
4. സെക്യൂരിറ്റി ഗാർഡ്

} 5375

ഗ്രൂപ്പ് 8

സ്വീപ്പർ 5119

2. ഗ്രേഡ് നിർണ്ണയം

ജനറൽ വർക്കർ/ഹെൽപ്പർ ഗ്രേഡ് 3ൽ അഞ്ചു വർഷത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് ഗ്രേഡ് 2 ലെയും, ഗ്രേഡ് 2ൽ അഞ്ചു വർഷത്തെ സേവനകാലം പൂർത്തിയാക്കുന്ന മുറയ്ക്ക് ഗ്രേഡ് 1ലേയും വേതനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ നിർദ്ദിഷ്ട സേവനകാലം പൂർത്തിയായവർക്കും അർഹതപ്പെട്ട ഗ്രേഡ് നൽകി അതു പ്രകാരമുള്ള വേതനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

3. ക്ഷാമബത്ത

മേൽ പറഞ്ഞ അടിസ്ഥാന വേതനത്തിന് പുറമേ എല്ലാ വിഭാഗം ജീവനക്കാർക്കും സംസ്ഥാന ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തൃശ്ശൂർ ജില്ലാ കേന്ദ്രത്തിന് വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന പുതിയ ഉപഭോക്തൃവില സൂചികയിൽ 130 പോയിന്റിന് മുകളിൽ വരുന്ന ഓരോ പോയിന്റിനും ദിവസ വേതനക്കാർക്ക് ഒരു രൂപാ വീതവും മാസ വേതനക്കാർക്ക് 26 രൂപാ വീതവും ക്ഷാമബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

4. സർവ്വീസ് വെയിറ്റേജ്

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഒരു തൊഴിലുടമയുടെ/സ്ഥാപനത്തിന്റെ കീഴിൽ അഞ്ച് വർഷത്തിൽ കുറയാത്ത സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക് അവർ പൂർത്തിയാക്കിയ ആദ്യത്തെ 5 വർഷത്തേയ്ക്ക് അടിസ്ഥാന വേതനത്തിന്റെ 7%ത്തിന് തുല്യമായ തുക, 5 മുതൽ 10 വർഷം വരെ 10% വും 10 മുതൽ 15 വർഷം വരെയുള്ള സർവ്വീസിന് 15% എന്ന കണക്കിൽ പരമാവധി 15% വരെ സർവ്വീസ് വെയിറ്റേജിന് അർഹതയുണ്ടായിരിക്കുന്നതാണ്.

5. ഉയർന്ന വേതനത്തിന് സംരക്ഷണം

ഏതെങ്കിലും സ്ഥാപനത്തിലോ വ്യവസായത്തിലോ ഉള്ള ജീവനക്കാർക്ക് ഈ വിജ്ഞാപന പ്രകാരം നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ നൽകിവരുന്നുണ്ടെങ്കിൽ അവർക്ക് അങ്ങനെയുള്ള ഉയർന്ന നിരക്കിലുള്ള വേതനം തുടർന്നും ലഭിക്കുവാനുള്ള അർഹതയുണ്ടായിരിക്കും.

6. പട്ടികയിൽ ഉൾപ്പെടുത്താത്ത തസ്തിക:- മുകളിൽ കാണിച്ച പട്ടികയിൽ ഏതെങ്കിലും തസ്തികയോ വിഭാഗമോ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ, അത്തരം ജീവനക്കാർക്ക് സമാന തസ്തികക്ക്/വിഭാഗത്തിന് നിർണ്ണയിച്ചിട്ടുള്ള വേതനത്തിന് അർഹതയുണ്ടാ യിരിക്കുന്നതാണ്.

7. ദിവസ വേതനം

ഈ വിജ്ഞാപന പ്രകാരം മാസവേതനം നിശ്ചയിക്കപ്പെട്ട ജീവനക്കാരുടെ ദിവസവേതന നിരക്ക്, ക്ഷാമബത്ത ഉൾപ്പെടെയുള്ള മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ച് കണക്കാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡോ. നിവേദിതാ പി. ഹരൻ,
അഡീഷണൽ ചീഫ് സെക്രട്ടറി

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിൻെറ ഭാഗമാകുന്നതല്ല. എന്നാൽ, അതിൻെറ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു).

കേരള സംസ്ഥാനത്തിലെ മദ്യ ഉല്പാദന വ്യവസായത്തിൽ (മദ്യ ഉല്പാദനവും സ്പിരിററുവാറ്റലും ശുദ്ധീകരിക്കലും ഉൾപ്പെടെ) ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കുന്നതിനായി, 1948 ലെ മിനിമം വേതന ആക്ടിലെ 5-ാം വകുപ്പ് 1-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2011 ആഗസ്റ്റ് 18-ാം തീയതിയിലെ 2766/ഇ1/2011/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും, മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ച ശേഷം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.